(ബി) ഭരണപരമായ ചുമതല ഏതു ചീഫ് എഞ്ചിനീയർക്കാ ണെന്ന് വ്യക്തമാക്കുമോ;

(സി) ജലസേചനം, ചെറുകിട ജലസേചനം തുടങ്ങിയ വകുപ്പു കളുടെ ഭരണപരമായ ചുമതല ആർക്കാണ് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പത്ത്

(ബി) ജനറൽ ചീഫ് എഞ്ചിനീയർക്ക്

(സി) എസ്റ്റാബ്ലിഷ്മെൻറ് സംബന്ധമായ കാര്യങ്ങൾ ജനറൽ ചീഫ് എഞ്ചിനീയറുടെയും, മരാമത്ത് സംബന്ധമായ കാര്യങ്ങൾ ജലസേചന വകുപ്പ് ചീഫ് എഞ്ചിനീയറുടെയും ചുമതലയിലാണ്,

നാഷണൽഹൈവേ 47-ൽ കൊല്ലം ബൈപാസിന്റെ പണി

927 [1699] ശ്രീ. വി. വി. ജോസഫ് (കുണ്ടറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാഷണൽഹൈവേ 47-ൽ കൊല്ലം ബൈപാസിന്റെ ഇൻവെ സ്റ്റിഗേഷൻ പൂർത്തിയായിട്ടുണ്ടോ; ബൈപാസ്സിന് കേന്ദ്രഗവൺ മെൻറ് അനുമതി ലഭിച്ചുവോ:

(ബി) കൊല്ലം ബൈപാസിന്റെ പണി എന്ന് ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കൊല്ലം ബൈപാസിന്റെ അലൈൻമെൻറിന്റെ ഇൻവെസ്റ്റി ഗേഷൻ പൂർത്തിയാക്കുകയും കേന്ദ്രഗവൺമെൻറിന്റെ അനുമതി ലഭിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ആറാം പഞ്ചവൽസര പദ്ധതിയിൽ ഇത് ഉൾപ്പെടുത്തുവാൻ കഴിയുകയില്ലെന്ന് കേന്ദ്രസർക്കാർ അറിയിച്ചിട്ടുണ്ട്. അതുകൊണ്ട് എന്ന് പണി ആരംഭിക്കുമെന്ന് ഇപ്പോൾ പറയുവാൻ നിർവാഹമില്ല.

കുളങ്ങരത്തു താഴ-അരൂർ-പൊയ്മുഖം ഗുളികപ്പുഴ റോഡിന്റെ പണി

928 [1702] ശ്രീ. എ. വി. അബ്ദുറഹിമാൻ ഹാജി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുളങ്ങരത്ത് താഴ-അരൂർ-പൊയ്മുഖം ഗുളികപ്പുഴ റോഡിന്റെ പണി ഏതു ഘട്ടത്തിലാണ് ;

(ബി) പ്രസ്തുത റോഡിന്റെ പ്രവർത്തി എപ്പോഴേക്ക് പൂർത്തി യാകും?

ഉത്തരം

(എ) ആറ് കലുങ്ങുകളുടെ പണി നടന്നുവരുന്നു. കൂടാതെ കുളങ്ങരത്തുനിന്ന് 5 കി. മീറ്റർ ദൂരം അത്യാവശ്യ അറ്റകുറ്റപണികൾ നടത്തുന്നതിന് നടപടികൾ എടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ആവശ്യമായ ഭൂമി ബന്ധപ്പെട്ട പഞ്ചായത്തുകൾ ലഭ്യമാക്കുകയാണെങ്കിൽ വീതികൂട്ടി മെച്ചപ്പെടുത്തുന്ന പണി ആരംഭിക്കുന്നതിന് ഏകദേശം ഒരുകൊല്ലം വേണ്ടിവരും, അതിനാൽ എപ്പോൾ പൂർത്തിയാകുമെന്ന് പറയാൻ ഇപ്പോൾ നിർവാഹമില്ല.

## പുത്തൻ–പാലം കള്ളാട്ടിപ്പുറം റോഡിന്റെയും കള്ളാട്ടിപ്പുറം ഹരിജൻ കോളനി റോഡിന്റെയും പ്രവർത്തനം

929 [1703] ശ്രീ. എം. കെ. കേശവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുത്തൻപാലം–കള്ളാട്ടിപ്പുറം റോഡിന്റെയും കള്ളാട്ടിപ്പുറം–ഹരിജൻ കോളനി റോഡിന്റെയും പ്രവർത്തനം ഇപ്പോൾ ഏതു ഘട്ടത്തിൽ ഇരിക്കുന്നു.

(ബി) ഇതിന്റെ ഏതിന്റെയെങ്കിലും ടെണ്ടർ ആയിക്കഴിഞ്ഞോ;

(സി) ഇല്ലെങ്കിൽ അതിനുള്ള കാലതാമസം എന്തെന്നു വ്യക്തമാക്കുമോ ;

(ഡി) ഉടനെതന്നെ ഈ ജോലികൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ ആൻഡ് ബി) പുത്തൻപാലം കള്ളാട്ടിപ്പുറം–റോഡിന്റെ എസ്റ്റിമേറ് തയ്യാറാക്കിക്കൊണ്ടിരിക്കുന്നു. കള്ളാട്ടിപ്പുറം–വാടയാർ ഹരിജൻ കോളനി റോഡിന്റെ ടെൻഡർ ക്ഷണിച്ചുകഴിഞ്ഞു.

(സി) ചോദ്യമുദിക്കുന്നില്ല.

(ഡി) സ്വീകരിച്ചിട്ടുണ്ട്.

## നെയ്യാറ്റിൻകര സബ്ഡിവിഷന്റെ കീഴിലുള്ള കുന്നത്തുകാൽ സെക്ഷനിലെ റോഡുകൾ

930 [1704] ശ്രീ. ആർ. സുന്ദരേശൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര സബ് ഡിവിഷന്റെ കീഴിലുള്ള കുന്നത്തുകാൽ സെക്ഷനിൽ ആകെ എത്ര കിലോമീറ്റർ റോഡുകളുണ്ട്;

(ബി) പി.ഡബ്ലിയു.ഡി. എറെറടുക്കുന്നതിനായി ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള റോഡുകൾ കൂടെ ഉൾപ്പെടുത്തുമ്പോൾ ദൈർഘ്യം എത്രയാകും;

(സി) കള്ളിക്കാട്, ഒറശേഖരമംഗലം, അമ്പൂരി, വെള്ളറട എന്നീ പഞ്ചായത്തുകളെ ഉൾപ്പെടുത്തി കൊട്ടപ്പനമൂട് കേന്ദ്രമാക്കി ഒരു സെക്ഷൻ ആഫീസ് തുടങ്ങുവാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly